പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.23 28.10.19 ൽ മറുപടിയ്ക്ക്

## ബന്ദിപ്പൂർ വഴിയുള്ള ദേശീയ പാതയിൽ യാത്രാ നിരോധനം

| ചോദ്യം<br>ശ്രീ.അന്വർ ജേക്കബ്<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, എ.പി. അനിൽ കമാർ<br>,, എൽദോസ് പി. കുന്നപ്പിള്ളിൽ | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ബന്ദിപ്പൂർ വഴിയുള്ള ദേശീയ പാതയിൽ രാത്രി ഒൻപതുമണി മുതൽ രാവിലെ ആറുമണി വരെയുള്ള യാത്രാ നിരോധനം പകൽ കൂടി ബാധകമാക്കുവാനുള്ള നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇക്കാര്യത്തിൽ ഔദ്യോഗിക അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. |
| (ബി) | ബന്ദിപ്പൂർ കടുവാ സംരക്ഷണ കേന്ദ്രത്തിലൂടെ കടന്ന് പോകുന്ന ദേശീയപാതയിൽ പൂർണ്ണമായും ഗതാഗതം നിരോധിക്കുന്നതിനെ അംഗീകരിക്കുമെന്ന കർണ്ണാടക ഉപമുഖ്യമന്ത്രിയുടെ പ്രസ്താവന മൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം പരിശോധിച്ചിട്ടുണ്ടോ; | (ബി) | രാത്രി യാത്രാ നിരോധനം സംബന്ധിച്ചുള്ള കേസ് ബഹു.സുപ്രീം കോടതിയുടെ പരിഗണനയിലാണ്. ഗതാഗതം പൂർണ്ണമായും നിരോധിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും സുപ്രീം കോടതി ഉത്തരവായിട്ടില്ല. |
| (സി) | യാത്രാനിരോധനത്തിനെതിരെ ബത്തേരിയിൽ ശക്തമായ ബഹുജന പ്രക്ഷോഭം ഉണ്ടായ സാഹചര്യത്തിൽ ജനങ്ങളുടെ ആശങ്ക അകറ്റുവാൻ സർക്കാർ നടത്തിയ ഇടപെടലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (സി) | ബഹു. സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ച് നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി രാത്രിയാത്രാ നിരോധനം ഒഴിവാക്കുന്നതിനായി ഇലവേറ്റഡ് ഹൈവേ നിർമ്മിക്കുന്നതുൾപ്പടെയുള്ള നിർദ്ദേശങ്ങളാണ് സമർപ്പിച്ചിരുന്നത്. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഏകദേശം 500 കോടി രൂപ ചെലവ് കണക്കാക്കുകയും ചെയ്തിരുന്നു . സംസ്ഥാന സർക്കാർ ഈ തുകയുടെ 50% വഹിക്കാൻ തയ്യാറാണെന്ന് അറിയിക്കുകയും 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 250 കോടി രൂപ |

| | | | |
|---|---|---|---|
| | | | വകയിരുത്തുകയും ചെയ്തു. എന്നാൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ഈ നിർദ്ദേശത്തെ എതിർക്കുകയുണ്ടായി. തുടർന്ന് ബഹു.സുപ്രീം കോടതി കേന്ദ്ര കാബിനറ്റ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ മറ്റൊരു കമ്മിറ്റി രൂപീകരിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഉത്തരവിട്ടു. ഈ കമ്മിറ്റി നിലവിലുള്ള രാത്രി യാത്രാ നിരോധനം തുടരുന്നതിനും സംസ്ഥാന പാത 90 ഉം ദേശീയപാത 275 ഉം സംയോജിപ്പിച്ചു കൊണ്ട് പുതിയ ദേശീയ പാത വികസിപ്പിക്കുന്നതിനും ഉള്ള നിർദ്ദേശം സമർപ്പിക്കുകയും ചെയ്തു. ഇതിൻമേൽ ബഹു.സുപ്രീം കോടതി കേന്ദ്ര വനം മന്ത്രാലയത്തിന്റെ അഭിപ്രായം തേടിയിരിക്കുകയാണ്.<br><br>രാത്രിയാത്രാ നിരോധനം ഒഴിവാക്കുന്നതിനായി ഇലവേറ്റഡ് ഹൈവേ നിർമ്മിക്കുന്നതുൾപ്പടെ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയ സെക്രട്ടറി സമർപ്പിച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കണമെന്നാണ് ബഹു. കോടതി മുമ്പാകെ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**